**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1328** 02-03-2017 **ൽ മറുപടിക്ക്**

**ലോ അക്കാഡമി ലോ കോളേജിന്റെ ഭൂമി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.പി.കെ. ബഷീർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| **(എ)** പേരൂർക്കടയിൽ പ്രവർത്തിച്ചു വരുന്ന ലോ അക്കാഡമി ലോ കോളേജിന്റെ ഭൂമി ആരുടെ ഉടമസ്ഥതയിൽ ഉള്ളതാണ്; വ്യക്തമാക്കുമോ? | (എ) ലോ അക്കാഡമി സെക്രട്ടറിയുടെ പേരിലുള്ളത്. |
| **(ബി)** പ്രസ്തുത സ്ഥാപനം നടത്തുന്ന ട്രസ്റ്റിൽ തുടക്കം മുതൽ ഇപ്പോൾ വരെ ആരെല്ലാമാണ് അംഗങ്ങളായിട്ടുള്ളത്; | (ബി) വിവരം ശേഖരിച്ചു വരുന്നു. |
| (സി) ലോ അക്കാഡമിക്കായി തിരുവനന്തപുരത്ത് എവിടെയെല്ലാം സ്ഥലങ്ങൾ നൽകിയിട്ടുണ്ടെന്നും ഇത് വിൽക്കുന്നതിനും മറ്റും സ്വകാര്യവ്യക്തിക്ക് അനുമതി നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ; | **(സി) & (ഡി)** തിരുവനന്തപുരം താലൂക്കിൽ ചെട്ടിവിളാകം വില്ലേജിൽ (നിലവിൽ കുടപ്പനക്കുന്ന് വില്ലേജ്) 11.29 ഏക്കർ സർക്കാർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്. ടി ഭൂമി സർക്കാരിന്റെ അനുവാദമില്ലാതെ അന്യാധീനപ്പെടുത്താൻ പാടില്ലായെന്ന് പതിവ് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ലോ അക്കാഡമിക്ക് പതിച്ചു നൽകിയ സർക്കാർ ഭൂമി വിനിമയം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഇല്ലെങ്കിൽ ലോ അക്കാഡമിക്കായി നല്കിയ വസ്തുക്കൾ തിരിച്ചെടുത്ത് സർക്കാരിന്റെ അധീനതയിൽ ആക്കുന്നതിനും അനധികൃതമായി കൈവശം വച്ച് വിനിമയം നടത്തിയതിനെതിരെയും നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**